ച്ചിട്ടില്ല. നിലവിലുള്ള സീവറേജ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ പല ഏജൻസികളെയും സമീപിച്ചുവെങ്കിലും പദ്ധതിയിൽ നിന്നുള്ള വരുമാനത്തിന്റെ അപര്യാപ്തത കാരണം ഈ ശ്രമം വിഫലമാവുകയാണുണ്ടായത്. എന്നാൽ 1993 കാലഘട്ടത്തിൽ 'എ' ബ്ലോക്കിലെ ഇന്റർസെപ്റ്റിംഗ് സീവർ -1 ന്റെയും അതിനോടനുബന്ധിച്ച പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നിവയുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പണി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ മതിപ്പ് ചെലവ് 11.50 കോടി രൂപയാണ്. 2000 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൂർത്തിയാക്കുമ്പോൾ ഒരു പരിധിവരെ സീവേജ് ഓവർഫ്ലോ നിയന്ത്രിക്കാനാവും. നിലവിലുള്ള സീവറേജ് പദ്ധതിയുടെ മറ്റു ഭാഗങ്ങളിലുള്ള അതായത് 'എ' ബ്ലോക്കു മുതൽ 'ഇ' ബ്ലോക്കുവരെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ധനസമാഹരണത്തിനായി ഹഡ്കോയ്ക്ക് നൽകുകയും ചെയ്തു. 836 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന പ്രസ്തുത പദ്ധതിക്ക്, ഹഡ്കോ ധനസഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നതോടുകൂടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും. ഇതിന് വേണ്ടിയുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും മറ്റുമായി കോർപ്പറേഷന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും കീഴിലുള്ള റോഡുകൾ കുഴിക്കേണ്ടതുണ്ട്. അതിന് അവരുടെ അനുവാദവും ലഭ്യമാക്കേണ്ടതുണ്ട്. നഗരവാസികളായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏറ്റവും ഉയർന്ന പരിഗണനയുള്ള സീവറേജ് സംവിധാനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ടി ബന്ധപ്പെട്ട മന്ത്രിതല സബ്കമ്മിറ്റിയും ഉദ്യോഗസ്ഥതല അഡൈസറി കമ്മിറ്റിയും രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഉദ്യോഗസ്ഥതല കമ്മിറ്റിയിൽ പൊതുമരാമത്ത്, കോർപ്പറേഷൻ, പി ആന്റ് ടി, കെ.എസ്.ഇ.ബി., ധനകാര്യം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. റോഡുകൾ കുഴിക്കുന്നതിനുള്ള പ്രശ്നങ്ങൾ ഈ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുവാൻ സാധിക്കും. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു ഉന്നതതലയോഗം വിളിച്ചു കൂട്ടുന്നതിന് ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ : ഇതിൽ ഡ്രെയിനേജിന്റെ കാര്യം പറയുമ്പോൾ ട്രീറ്റ്മെന്റ് നടത്താനുള്ള എന്തെങ്കിലും സ്കീം ഉണ്ടോ, നിർഗ്ഗമനം മാത്രമല്ല, ട്രീറ്റ്മെന്റ് നടത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതിനെക്കുറിച്ചുകൂടി ഈ ചർച്ചയിൽ ആലോചിക്കണം.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള പ്രൊപ്പോസൽ ഉണ്ട്.

(16) ജില്ലാ മെഡിക്കൽ ബോർഡുകൾ അംഗവൈകല്യ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം

ശ്രീ. രാജു എബ്രഹാം : സർ, വികലാംഗരുടെ ജീവിതം കൂടുതൽ ദയനീയമായിരിക്കുകയാണ്. ജൻമനാ അംഗവൈകല്യം ഏൽക്കാൻ വിധിക്കപ്പെട്ട കേരളത്തിലെ വികലാംഗർക്ക്, കഴിഞ്ഞ രണ്ടുമാസമായി വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. 'ഇടിവെട്ട് ഏറ്റവനെ പാമ്പ് കടിച്ച്' അനുഭവമാണ് കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ വികലാംഗർക്ക് ഉണ്ടായിരിക്കുന്നത്. ജില്ലാ മെഡിക്കൽ ബോർഡാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. ഉദാഹരണത്തിന് പത്തനംതിട്ട ജില്ലാ മെഡിക്കൽ ബോർഡ് രണ്ടുമാസമായി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടേയില്ല. ഈ സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം അംഗവൈകല്യമുള്ളവരുടെ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പകരം സംവിധാനം അടിയന്തിരമായി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, മെഡിക്കൽ കോളേജുകൾ നിലവിലുള്ള ജില്ലകളിൽ മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് ജില്ലകളിൽ ജില്ലാ ആശുപത്രികളിലുമാണ് ഇത്തരം മെഡിക്കൽ ബോർഡുകൾ പ്രവർത്തിച്ചുവരുന്നത്. ഇടുക്കിയിൽ ഒരു താലൂക്കാശുപത്രിയിലും. ഈ ബോർഡുകൾ സമയാസമയങ്ങളിൽ കൂടുന്നില്ല എന്ന് പരാതി കിട്ടാറുണ്ട്. ചിലപ്പോൾ ബോർഡ് മെമ്പർമാരുടെ വീഴ്ച, പോസ്റ്റിംഗ് വേക്കൻസി തുടങ്ങിയ കാര്യങ്ങളും ഉണ്ടാകാറുണ്ട്. ഇത് പരിഹരിക്കാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ ജില്ലാ ബോർഡുകളിൽ ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുന്നു. വളരെ നീണ്ട ക്യൂവാണ്. വികലാംഗരെ സംബന്ധിച്ചിടത്തോളം ഇത് ഒരു പ്രശ്നമാണ്, അവർ ഇക്കാര്യത്തിന് ബഹളമൊക്കെ ഉണ്ടാക്കുന്നുണ്ട്. ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ബോർഡുകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടാനും ആവശ്യമായത് കൂടുതൽ പ്രവർത്തനം നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വികലാംഗരുടെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുകയും ചെയ്യുമെന്ന് ഉറപ്പു നൽകുന്നു.

V. റിപ്പോർട്ട് സമർപ്പണം

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും IV-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷയുമായ ഞാൻ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 30-ാമതു റിപ്പോർട്ടു സമർപ്പിക്കുന്നു.

VI നിയമനിർമ്മാണകാര്യം

ബില്ലുകളുടെ അവതരണവും സെലക്ട് കമ്മിറ്റിയ്ക്ക് /സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 1999-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ†

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, 1999-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ ഞാൻ അവതരിപ്പിക്കുന്നു.

---

† അനുബന്ധം 19

LIBRARY ARCHIVES Kerala Legislative Assembly